## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2475** — **9.03.2018-ൽ മറുപടിക്ക്**

### കേരളത്തിലെ പ്രാദേശിക പത്ര പ്രവർത്തകർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ പ്രാദേശിക പത്ര പ്രവർത്തകർക്ക് തുച്ഛമായ വേതനം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ദൃശ്യമാധ്യമ രംഗത്തെ കരാർ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സമാനമായ രീതിയിൽ പ്രാദേശിക പത്രപ്രവർത്തകർക്കും മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) മാധ്യമപ്രവർത്തകരെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി ടി തൊഴിൽ മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതിന് 30/07/2017 തീയതിയായി ഇ 1/205/2017/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) പ്രാദേശിക പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ചവരുടെ കണക്കെടുപ്പ് നടത്തി രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) പ്രാദേശിക പത്രപ്രവർത്തകർക്ക് മിനിമം വേതനം, അക്രഡിറ്റേഷൻ, ക്ഷേമനിധി, ഇൻഷ്വറൻസ് തുടങ്ങിയവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) മിനിമം വേതനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുന്നതോടെ മാധ്യമപ്രവർത്തകർക്ക് മിനിമം വേതനം ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകും. മറ്റു വിഷയങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ.